## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1102 | 12.03.2015-ൽ മറുപടിക്ക്

### മലപ്പുറം ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിൽ എൻ.സി.എ. നിയമനം

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി. ജലീൽ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപക തസ്തികയിൽ എൻ.സി.എ. നിയമനത്തിനായി അഡ്വൈസ് മെമ്മോ ലഭിച്ച പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട എത്ര ഉദ്യോഗാർത്ഥികളുണ്ട്; ഇവർക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) 49, ഇല്ല.<br><br>2014-15 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തീകരിച്ചപ്പോൾ 2010-11 വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം നിലനിന്നിരുന്ന 351 എൽ.പി.എസ്.എ. തസ്തികകൾക്ക് കുറവ് വരികയും, എന്നാൽ 270 എൽ.പി.എസ്.എ. അദ്ധ്യാപകർക്ക് തസ്തിക നഷ്ടപ്പെടുകയും ഇവരെ മാതൃവിദ്യാലയത്തിലും, മറ്റു വിദ്യാലയങ്ങളിലുമായി പുനർവിന്യസിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ബാക്കി വന്ന 81 ഒഴിവുകളും നഷ്ടപ്പെട്ടു. ഈ ഒഴിവുകൾ എൻ.സി.എ. (നോ കാൻഡിഡേറ്റ് അവെയലബിൾ) ഉദ്യോഗാർത്ഥികൾക്കായി പി.എസ്.സി. ശുപാർശ ചെയ്ത 49 എസ്.സി./എസ്.ടി. +5+എൽ.സി.+1 ധീവര+ജനറൽ 13, ആകെ 68 ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനും അന്തർജില്ലാ സ്ഥലം മാറ്റത്തിനുമായി മാറ്റി വച്ചതായിരുന്നു. എന്നാൽ ഒഴിവുകൾ നഷ്ടപ്പെട്ട് 270 എൽ.പി.എസ്.എ. അദ്ധ്യാപകർ അധികം നിൽക്കുന്നതിനാലാണ് 49 പട്ടികജാതി/പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുവാൻ സാധിക്കാത്തത്. |

| | |
|---|---|
| (ബി) ഇവർക്ക് അഡ്വൈസ് മെമ്മോ ലഭിച്ചിട്ട് ഒരു വർഷത്തോളമായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഇവരുടെ നിയമനം സംബന്ധിച്ച് മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും നിയമസഭയിൽ നൽകിയ ഉറപ്പുകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) അഡ്വൈസ് ചെയ്ത 49 എസ്.സി./ എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് തസ്തിക ലഭ്യമല്ലാത്തതിനാൽ നിയമനം നൽകുന്നതിലേയ്ക്കായി 'സൂപ്പർ ന്യൂമററി' തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (ഡി) പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് നീക്കി വയ്ക്കേണ്ട തസ്തികകളിൽ മറ്റുള്ളവർ നിയമിക്കപ്പെടാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ; | (ഡി) (ഇ) വിശദമായി പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) ഇക്കാര്യത്തിൽ നടന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷിക്കുന്നതിനും എത്രയും വേഗം നിയമനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ